പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 14/11/2019-ൽ

നിയമസഭാ ചോദ്യം നം. 4799 മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഓരോ നിയോജക മണ്ഡലത്തിലും ഓരോ സ്കൂൾ എന്ന നിലയിൽ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതം കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തൊട്ടാകെ 9 സ്കൂളുകൾ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി കെട്ടിടം സ്കൂളിന് കൈമാറിയിട്ടുണ്ട്. 3 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. 40 ഓളം സ്കൂളുകളിൽ 75% ൽ അധികം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 24 ഓളം സ്കൂളുകളിൽ 60% ൽ അധികം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് ഇതുമൂലം സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) സാധിച്ചിട്ടുണ്ട്. |
| (സി) 2019-20 അദ്ധ്യയന വർഷം 6-ാം പ്രവൃത്തി ദിവസത്തെ കണക്ക് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (സി) 2019-20 വർഷം 6-ാം പ്രവൃത്തി ദിവസം Enrolment ചെയ്ത കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് താഴെ ചേർക്കുന്നു |

| ജില്ല | ഗവ. സ്കൂൾ | എയ്ഡഡ് സ്കൂൾ | അൺ എയ്ഡഡ് സ്കൂൾ |
|---|---|---|---|
| തിരുവനന്തപുരം | 135472 | 115223 | 42414 |
| കൊല്ലം | 95832 | 126808 | 23919 |
| പത്തനംതിട്ട | 21810 | 54647 | 8451 |
| ആലപ്പുഴ | 54909 | 109017 | 8660 |

| | | | |
|---|---|---|---|
| കോട്ടയം | 23855 | 120747 | 13169 |
| ഇടുക്കി | 30170 | 62129 | 9151 |
| എറണാകുളം | 47459 | 175479 | 39130 |
| തൃശ്ശൂർ | 62053 | 216517 | 38485 |
| പാലക്കാട് | 116087 | 193479 | 40545 |
| മലപ്പുറം | 245128 | 407691 | 86831 |
| കോഴിക്കോട് | 115778 | 248679 | 27300 |
| വയനാട് | 54580 | 48733 | 6449 |
| കണ്ണൂർ | 75961 | 210373 | 20455 |
| കാസർഗോഡ് | 89492 | 68930 | 24900 |

(ഡി) സംസ്ഥാനത്തെ പ്രൈമറി വിദ്യാഭ്യാസം ഹൈടെക് ആക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രസ്തുത വിദ്യാലയങ്ങളിൽ എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രൈമറി വിദ്യാഭ്യാസം ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി ഏകദേശം പൂർത്തിയാക്കി

(ഇ) പ്രസ്തുത പദ്ധതിക്കായി ധനസഹായം സമാഹരിക്കുന്നത് എപ്രകാരമാണ് എന്ന് അറിയിക്കുമോ?

(ഇ) പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി കിഫ്ബി ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

Namitha P

**സെക്ഷൻ ഓഫീസർ**